(എ) പോലീസ് വകുപ്പിന്റെ കീഴിൽ ഇപ്പോൾ ആകെ എത്ര പോലീസ് നായ്ക്കളുണ്ട്;

(ബി) അവ ഏതെല്ലാം ഇനത്തിൽ പെട്ടവയാണെന്നും എവിടെ നിന്ന കൊണ്ടുവന്നതാണെന്നും പറയാമോ ;

(സി) ഈ നായ്ക്കളെ കൊണ്ടുവന്നതിനുശേഷം അവയുടെ സഹായത്തോടുകൂടി ആകെ പിടിച്ച കേസ്സുകളെത്ര; ഏതെല്ലാം തരത്തിൽപ്പെട്ടവ; ഏതെല്ലാം നായ്ക്കളാണ് കേസ്സുകൾ പിടിക്കാൻ സഹായിച്ചത്;

(ഡി) മറ്റു സംസ്ഥാനങ്ങളിലുള്ളതുപോലെ ഇവിടെയുള്ള പോലീസ് നായ്ക്കൾക്കും അവയെകൊണ്ട് കേസ്സുപിടിക്കുന്ന ഉദ്യോഗസ്ഥന്മാർക്കും വേണ്ട സൌകര്യങ്ങളും പ്രോത്സാഹനങ്ങളും ചെയ്തുകൊടുക്കുന്നുണ്ടോ ?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. പി. ടി. ചാക്കോ):

(എ) അഞ്ച്.

(ബി) ഇവയിൽ മൂന്നെണ്ണം ''അൽസേഷ്യൻ'' ജാതിയിലും രണ്ടെണ്ണം ''ഡോബർമാൻപിൻഷർ'' ജാതിയിലും പെടുന്നു.

ഒരു ''അൽസേഷ്യനെ'' ബാംഗ്ലൂരിൽനിന്ന് കൊണ്ടുവന്നതാണ്. മറ്റു രണ്ടെണ്ണം ഇൻസ്പെക്ടർ ജനറൽ ആഫ് പോലീസ് സംഭാവനചെയ്തവയും, രണ്ടു 'ഡോബർമാൻപിൻഷർ' നായ്ക്കളിൽ ഒന്ന് കമാണ്ടർ എസ്. പി. എൻ. നായരും (മദ്രാസ്), മറ്റേതു റെയിൽവേ ചീഫ് സെക്യൂരിറ്റി ആഫീസറും സംഭാവന നൽകിയവയാണ്.

(സി) ഈ നായ്ക്കളുടെ സഹായത്തോടെ എട്ടു കേസ്സുകൾ പിടിച്ചു. കൊലപാതകം, വേനഭേദനം, കവർച്ച, ഗൃഹമോഷണം എന്നീ ഇനങ്ങളിൽ പെട്ടവയാണ് ആ കേസ്സുകൾ.

(ഡി) ഉണ്ട്.

സ്റ്റേറിലെ കുഷ്ഠരോഗികൾ.

* 247. [46] ശ്രീ. ആർ. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സഭയിൽ ദയവുചെയ്ത് മറുപടി നൽകുമോ:

(എ) നമ്മുടെ സംസ്ഥാനത്തു് എത്ര കുഷ്ഠരോഗാശുപത്രികൾ ഉണ്ട്:

(ബി) ഇവയിൽ എല്ലാംകൂടി എത്ര രോഗികളെ പാർപ്പിച്ചു ചികിത്സിപ്പിച്ചുവരുന്നു;

(സി) സ്റ്റേറിൽ ആകെ എത്ര കുഷ്ഠരോഗികൾ ഉണ്ടെന്നു വിശദമായ കണക്ക് ഗവണ്മെൻറിൽനിന്നും എടുത്തിട്ടുണ്ടോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) ഗവണ്മെൻറാശുപത്രികൾ 2, പ്രൈവറ്റാശുപത്രികൾ 5.

(ബി) ഗവണ്മെൻറാശുപത്രികളിൽ 2,172 ; പ്രൈവറ്റാശുപത്രികളിലെ കണക്ക് ശേഖരിച്ചുവരുന്നതേയുള്ളൂ.

(സി) 80,000—ത്തോളം കുഷ്ഠരോഗികൾ സംസ്ഥാനത്തുള്ളതായി കണക്കാക്കപ്പെടുന്നു.

## Dredgers.

* 248. **Shri M. Rabindranath**: Will the Minister for Public Works be pleased to state:

(a) how many Dredgers are there under the control of this Government; and

(b) how many hours has each of them worked during the course of the past six months?



LIBRARY ARCHIVES Kerala Legislative Assembly

*Minister for Public Works* (**Shri P. P. Ummer Koya**):

(a) Nine; (8 Suction Dredgers and 1 Bucket Dredger)

(b) Dredger No. 1 (in disorder)
" 2 706.80 hours
" 3 410.30 "
" 4 (in disorder)
" 5 170. 80 hours,
" 6 549.05 "
" 7 (in disorder)
" 8 433·55 hours
Bucket Dredger 530.00 "

## കീവില്ലേജ് സെൻറുകൾ.

* 249. [48] ശ്രീ. ടി. എ. തൊമ്മൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ഡിസ്ട്രിക്റ്റിൽ ഇപ്പോൾ എത്ര മെയിൻ കീവില്ലേജ് സെൻറുകൾ ഉണ്ട് ;

(ബി) ഈ കീവില്ലേജ് സെൻറുകൾ എത്ര ചതുരശ്രമൈൽ കവർ ചെയ്യുന്നു ;

(സി) മെയിൻ കീവില്ലേജ് സെൻറുകൾ കവർ ചെയ്യാത്ത എത്ര സ്ഥലം ഉണ്ട് ; അവ ഏതെല്ലാം ; എത്ര വിസ്തീർണ്ണം വരും?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്.)

(എ) നാല്.

(ബി) ഏകദേശം മുന്നൂറ് ചതുരശ്രമൈൽ.

(സി) കീവില്ലേജ് സെൻറുകൾ കവർ ചെയ്യാത്ത സ്ഥലത്തിൻറെ കൃത്യമായ വിവരങ്ങൾ ശേഖരിച്ചിട്ടില്ല.

## കുറ്റ്യാടി ജലസേചനപദ്ധതിയുടെ പുരോഗതി.

* 250. [5] ശ്രീ. എം. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും കൃഷിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റ്യാടി ജലസേചനപദ്ധതിയുടെ പുരോഗതി എത്രത്തോളമായി ;

(ബി) ഈ പദ്ധതികാരണം ഒഴിപ്പിക്കേണ്ടിവരുന്നവരുടെ സംഖ്യ എത്രയാണ് ;

(സി) ഒഴിപ്പിക്കപ്പെടേണ്ടിവരുന്നവരെ മാറ്റി താമസിപ്പിക്കേണ്ട പ്രശ്നത്തെപ്പറ്റി ഗവണ്മെൻറ് ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻറെ സ്വഭാവമെന്ത്?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൌലോസ്) :

(എ) അപ്രോച്ച് റോഡ്, കാർട്ടേഴ്സ് എന്നിവയുടെ പണിയും, കനാലിൻറെ വിശദമായ അന്വേഷണവും നടന്നുവരുന്നു. അപ്രോച്ച് റോഡ് മിക്കവാറും തീർന്നുകഴിഞ്ഞു.

(ബി) ഉദ്ദേശം 100 കുടിക്കാരെ ഒഴിപ്പിക്കേണ്ടിവരുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്.

(സി) ഉണ്ട്. ഒഴിപ്പിക്കേണ്ടവരെ കുത്താളി എസ്റ്റേറ്റിൽ പുനരധിവസിപ്പിക്കുവാൻ കഴിയുമോ എന്നുള്ള കാര്യം ആലോചിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly